● ജമാൽ കടന്നപ്പള്ളി

**നമസ്കാരമാണ് യഥാർഥ 'ദുആ' എന്ന ബോധംതന്നെ ഇന്ന് സമുദായത്തിന് നഷ്ടമായിരിക്കുന്നു. അതുകൊണ്ടാണ് നമസ്കാരമെന്ന പ്രാർഥനയെകുറിച്ചു ചർച്ച ചെയ്യുന്നതിലേറെ നാം നമസ്കാരാനന്തര പ്രാർഥനയെ കുറിച്ച് സംസാരിക്കുന്നത്. സ്രഷ്ടാവിന്റെ സന്നിധിയിൽ അവനോട് ഏറ്റവും സമീപസ്ഥനായിരിക്കെ വേണ്ടരീതിയിൽ ഒന്നും ചോദിക്കാതിരിക്കുകയും എന്നാൽ പ്രസ്തുത സമയം കഴിഞ്ഞതിനു ശേഷം പലതും ചോദിക്കുകയും ചെയ്യുന്നത് വിരോധാഭാസമാണ്**

# നമസ്കാരത്തിന്റെയും സകാത്തിന്റെയും സംഘടിത നിർവഹണം

**തൗഹീദിന്റെ** ഏറ്റവും പ്രബലമായ കർമസാക്ഷ്യമത്രെ അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ. അല്ലാഹു പറഞ്ഞു:

'നിശ്ചയം സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. അവരോ, തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തി കൈക്കൊള്ളുന്നവരാകുന്നു'(*അൽ മുഅ്മിനൂൻ*: 1-2). നമസ്കാരത്തിൽ ഭയഭക്തിയുണ്ടാവാൻ ആദ്യം മനസ്സിലാക്കേണ്ടത് നമസ്കാരത്തെക്കുറിച്ചു തന്നെയാണ്. നമസ്കാരം മൗലികമായി അടിമ യജമാനനോടു നടത്തുന്ന പ്രാർഥനയാണ്. അഥവാ മറ്റു മുഴുവൻ പ്രാർഥനകളുടെയും ശിരസ്സാണ് നമസ്കാരമെന്ന പ്രാർഥന. ഈ പ്രാർഥനയിൽ മനസ്സും ശരീരവും ഒരു പോലെ പങ്കുകൊള്ളുന്നു. കുനിഞ്ഞും വണങ്ങിയും പ്രണമിച്ചും സാക്ഷാൽ നാഥനോടുള്ള അടിമത്തം പ്രകടമാക്കിക്കൊണ്ട്, തികച്ചും പ്രായോഗികരൂപത്തിൽ നാം നമ്മുടെ ആവലാതികൾ ബോധിപ്പിക്കുന്നു. ഖേദകരമെന്നു പറയട്ടെ, നമസ്കാരമാണ് യഥാർഥ 'ദുആ' എന്ന ബോധംതന്നെ ഇന്ന് സമുദായത്തിന് നഷ്ടമായിരിക്കുന്നു. അതുകൊണ്ടാണ് നമസ്കാരമെന്ന പ്രാർഥനയെകുറിച്ചു ചർച്ച ചെയ്യുന്നതിലേറെ നാം നമസ്കാരാനന്തര പ്രാർഥനയെ കുറിച്ച് സംസാരിക്കുന്നത്. സ്രഷ്ടാവിന്റെ സന്നിധിയിൽ അവനോട് ഏറ്റവും സമീപസ്ഥനായിരിക്കെ വേണ്ടരീതിയിൽ ഒന്നും ചോദിക്കാതിരിക്കുകയും എന്നാൽ പ്രസ്തുത സമയം കഴിഞ്ഞതിനു ശേഷം പലതും ചോദിക്കുകയും ചെയ്യുന്നത് വിരോധാഭാസമാണ്.

നമസ്കാരത്തിന്റെ സവിശേഷതകൾ ധാരാളമാണ്. പരലോകത്ത് വിചാരണ ചെയ്യപ്പെടുന്ന ഒന്നാമത്തെ മനുഷ്യകർമം നമസ്കാരമത്രെ. ഇസ്‌ലാമിക സമൂഹത്തിലേക്ക് ഒരാൾക്ക് കടന്നുവരാനുള്ള കർമപരമായ ആദ്യ ഉപാധിയാണത്. അല്ലാഹു എല്ലാ നിയമങ്ങളും തന്റെ പ്രവാചകന് 'വഹ്‌യ്'(ദിവ്യസന്ദേശം) വഴി ഭൂമിയിലേക്ക് എത്തിക്കുകയായിരുന്നുവെങ്കിൽ, നമസ്കാരം അതിൽ നിന്നെല്ലാം വ്യത്യസ്തമായി, പ്രവാചകനെ തന്റെ അത്യുന്നതസന്നിധിയിലേക്ക് ക്ഷണിച്ചു വരുത്തി നൽകുകയായിരുന്നു! തന്റെ അടിമകൾക്ക് താനുമായി സംവദിക്കാൻ നാഥൻ കനിഞ്ഞരുളിയ ശ്രേഷ്ഠ സമ്മാനം! അതുകൊണ്ടത്രെ നമസ്കാരത്തെ 'മിഅ്റാജുൽ മുഅ്മിൻ' -വിശ്വാസിയുടെ ആകാശ യാത്ര- എന്നു പറയുന്നത്. മാത്രമല്ല നമസ്കാരം പ്രായോഗിക രൂപത്തിൽ പ്രവാചകനെ പഠിപ്പിച്ചത് ജിബ്‌രീൽ(അ) ആണ്. മറ്റൊരു കർമവും ഇങ്ങനെ മലക്ക് പഠിപ്പിച്ചിട്ടില്ല.

സത്യവിശ്വാസിയെ എപ്പോഴും അല്ലാഹുവെക്കുറിച്ച സ്മരണയിലും ഭയഭക്തിയിലും സൂക്ഷ്മതയിലും ഉറപ്പിച്ചു നിർത്തുന്നുവെന്നതാണ് നമസ്കാരത്തിന്റെ പൊരുൾ. പക്ഷേ, ഇത്തരം നമസ്കാരങ്ങൾ ഇന്ന് അന്യംനിന്നുകൊണ്ടിരിക്കുന്നു. പകരം സ്ഥൂലമായ 'ഫിഖ്ഹീ മസ്അല'കളാൽ വരിഞ്ഞുമുറുക്കപ്പെട്ട നമസ്കാരത്തിന്റെ ബാഹ്യരൂപവുമായി മല്ലടിച്ചുകൊണ്ടിരിക്കുകയാണ് നാം. വിശുദ്ധ ഖുർആനിൽനിന്നും സുന്നത്തിൽനിന്നും നമസ്കാരത്തിന്റെ ചൈതന്യം ഉൾക്കൊള്ളാത്തതിന്റെ കുഴപ്പമാണിത്. ഉദാഹരണത്തിന് 'ഭക്ഷണത്തിന്റെ സാന്നിധ്യത്തിൽ നമസ്കാരമില്ല; അവനെ രണ്ടു മാലിന്യങ്ങൾ തിരക്കുമ്പോഴും' എന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. ഇതിൽനിന്ന് നാം മനസ്സിലാക്കുന്നത് 'നമസ്കാരത്തെക്കാൾ ഭക്ഷണത്തെ മുന്തിക്കണ'മെന്നാണ്. എന്നാൽ പ്രസ്തുത നബിവചനത്തിന്റെ അകക്കാമ്പ് മറ്റൊന്നാണ്. ഭക്ഷണത്തിന്റെ സമയമാവുകയും വിശപ്പ് അലട്ടുകയും ചെയ്യുമ്പോൾ നമസ്കാരത്തിൽ മനഃസാന്നിധ്യം ലഭിക്കാൻ പ്രയാസമാണ്. അതാണ് പ്രസ്തുത 'മുന്തിക്കലി'ന്റെ രഹസ്യം. മലമൂത്ര വിസർജന സമയമാവുമ്പോഴും ഇതുതന്നെയാണ് അവസ്ഥ. നമസ്കരിക്കുന്നവന്റെ മുന്നിലൂടെ നടക്കുന്നത് നബി(സ) നിരോധിച്ചതിന്റെ തത്വവും ഇതാണ്. നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ ഓടി വരാതെ ശാന്തരായി നടന്നു വരാൻ നബി(സ) കൽപിച്ചതും നമസ്കാരത്തിലെ മനസ്സാന്നിധ്യവും ഭയഭക്തിയും മുൻനിർത്തിയാണ്.

ഒരിക്കൽ മസ്ജിദുന്നബവിയിൽ ഒരു കയർ തൂങ്ങിക്കിടക്കുന്നതു കണ്ട

പ്പോൾ നബി(സ) അതെക്കുറിച്ചന്വേഷിച്ചു. നമസ്കരിച്ചു ക്ഷീണിക്കുമ്പോൾ പിടിച്ചു നിൽക്കാൻ സൈനബ്(റ) തൂക്കിയിട്ടതായിരുന്നു അത്. നബി(സ) അത് മുറിച്ചു മാറ്റാൻ കൽപിച്ചുകൊണ്ട് പറഞ്ഞു:

'നിങ്ങൾ ഉന്മേഷമുള്ളപ്പോൾ നമസ്കരിക്കുക. ക്ഷീണിച്ചാൽ വിശ്രമിക്കുകയും ചെയ്യുക.' ശാന്തമായ അന്തരീക്ഷത്തിൽ പറയുന്നതിന്റെ അർഥം മനസ്സിലാക്കി തികഞ്ഞ വണക്കത്തോടും വിനയത്തോടും കൂടി നമസ്കരിച്ചാൽ തീർച്ചയായും ഭയഭക്തി കരസ്ഥമാക്കാൻ കഴിയും. അതിനു പകരം ധൃതിയിൽ നമസ്കരിക്കുകയാണെങ്കിൽ നമസ്കാരം പ്രാർഥനയുടെ സ്ഥാനത്തേക്ക് ഉയരുകയോ ഉദ്ദിഷ്ട ഫലം ലഭിക്കുകയോ ചെയ്യുന്നതല്ല. അതിനാൽ തികഞ്ഞ ബോധ്യത്തോടെയും സമാധാനത്തോടെയും നാം നാഥന്റെ മുമ്പിൽ നിൽക്കുക. നാം നിർവഹിക്കുന്നത് സാക്ഷാൽ പ്രാർഥനയാണെന്ന ബോധ്യത്തോടെ പറയുന്നതിന്റെ അർഥം ഗ്രഹിച്ച് പൂർണ രൂപത്തിൽ റുകൂഉം സുജൂദും നിർവഹിക്കുക.

നമസ്കാരത്തെകുറിച്ചു പറയുമ്പോൾ സംഘടിത നമസ്കാരത്തിന്റെ പ്രാധാന്യം പറയാതെ വയ്യ. വിശിഷ്യാ ഇസ്‌ലാമിക പ്രവർത്തകർക്ക് അക്കാര്യത്തിൽ തികഞ്ഞ ബാധ്യതയുണ്ട്. സൂറഃ *അൽബഖറ*യിലെ 238-ാം സൂക്തം മുഫസ്സിറുകൾക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. വിവാഹം, വിവാഹമോചനം, മുലകുടി, വിധവകളുടെയും വിവാഹമുക്തകളുടെയും അവകാശങ്ങൾ തുടങ്ങിയ വിഷയങ്ങൾ വിവരിക്കുന്നതിന്റെ ഇടയിലാണ് പ്രസ്തുത സൂക്തം. എന്തായിരിക്കും അതിലടങ്ങിയ യുക്തി? സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി എഴുതുന്നു: 'സാമൂഹിക നാഗരിക നിയമങ്ങൾ വിവരിച്ച ശേഷം നമസ്കാരത്തെക്കുറിച്ച് ഊന്നിപ്പറഞ്ഞുകൊണ്ട് അല്ലാഹു ഈ പ്രഭാഷണം അവസാനിപ്പിക്കുകയാണ്. കാരണം മനുഷ്യന്റെ അന്തരംഗത്ത് ഭയഭക്തിയുടെയും നന്മയുടെയും വിശുദ്ധിയുടെയും വികാരങ്ങളും ദൈവിക കൽപനകൾ അനുസരിക്കുന്നതിനുള്ള മനഃസ്ഥിതിയും സംജാതമാക്കുകയും അവനെ സന്മാർഗത്തിൽ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്ന കർമമാണ് നമസ്കാരം. നമസ്കാരമില്ലെങ്കിൽ ദൈവികനിയമങ്ങളിൽ അടിയുറച്ചുനിലകൊള്ളുക അസാധ്യമാണ്. എന്നല്ല, യഹൂദികളെപ്പോലെ ദൈവധിക്കാരത്തിന്റെ ഒഴുക്കിൽ അകപ്പെട്ടുപോവുകയും ചെയ്യും'(*തഫ്ഹീമുൽ ഖുർആൻ*). സത്യാസത്യ സംഘട്ടനങ്ങളുടെ തീക്ഷ്ണവേളകളെപ്പോലും അല്ലാഹു നമസ്കാരത്തിന്റെ, അതും സംഘടിത നമസ്കാരത്തിന്റെ വേദിയാക്കാൻ ആജ്ഞാപിച്ചകാര്യം ശ്രദ്ധേയാമാണ്. ഖുർആൻ പറഞ്ഞു: 'പ്രവാചകരേ, താങ്കൾ മുസ്‌ലിംകൾക്കിടയിൽ ഉണ്ടായിരിക്കുകയും(യുദ്ധവേളയിൽ) അവർക്ക് നമസ്കാരം നടത്തുകയും ചെയ്യുകയാണെങ്കിൽ, അവരിൽ ഒരു പക്ഷം താങ്കളോടൊപ്പം നിന്നുകൊള്ളട്ടെ; അവർ ആയുധധാരികളായിരിക്കുകയും ചെയ്യട്ടെ. സുജൂദ് ചെയ്തുകഴിഞ്ഞാൽ അവർ പിറകോട്ടു മാറുകയും നമസ്കരിച്ചിട്ടില്ലാത്ത മറ്റു വിഭാഗം വന്നു താങ്കളോടൊപ്പം നമസ്കരിക്കുകയും ചെയ്യട്ടെ. അവരും ജാഗ്രതയുള്ളവരും ആയുധധാരികളുമായിരിക്കണം. എന്തെന്നാൽ ആയുധങ്ങളിലും വിഭവങ്ങളിലും നിങ്ങൾ അൽപമൊന്നശ്രദ്ധരായെങ്കിൽ, നിങ്ങളുടെ നേരെ ഒറ്റക്കെട്ടായി ചാടിവീഴുവാൻ അവസരം പാർത്തിരിക്കുകയാകുന്നു സത്യനിഷേധികൾ. മഴമൂലം ക്ലേശമുണ്ടാകുമ്പോഴോ രോഗികളായിരിക്കുമ്പോഴോ നിങ്ങൾ ആയുധം വെക്കുന്നതിന്ന് വിരോധമില്ല. എന്നാൽ അപ്പോഴും നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം. അല്ലാഹു സത്യനിഷേധികൾക്കായി നിന്ദ്യമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്. നമസ്കാരത്തിൽ നിന്നു വിരമിച്ചാൽ, നിന്നും ഇരുന്നും കിടന്നും സദാ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുവിൻ. നിങ്ങൾ നിർഭയരായിക്കഴിഞ്ഞാൽ നമസ്കാരം പൂർണമായി നിർവഹിക്കുക. നമസ്കാരം സത്യവിശ്വാസികളിൽ സമയനിഷ്ഠ ബാധ്യതയാകുന്നു'(*അന്നിസാഅ്*: 102,103). സുന്നത്ത് നമസ്കാരങ്ങളിലും വേണം ചിട്ട. നബി(സ) അരുൾ ചെയ്യുന്നു: 'ആരെങ്കിലും രാത്രിയും പകലുംകൂടി പന്ത്രണ്ട് റക്അത് നമസ്കാരം നിർവഹിച്ചാൽ അല്ലാഹു അവന് സ്വർഗത്തിൽ ഒരു വീട് പണിതു നൽകും.'

**ഇസ്‌ലാമിക രാഷ്ട്രം ഏതോ നിലക്ക് ഇല്ലാതായ ചില വേളകളിൽ ഒരു 'താൽക്കാലിക സംവിധാന'മായാണ് ചില പണ്ഡിതർ സകാത്തിന്റെ വ്യക്തിഗത വിതരണമെങ്കിലും നടക്കേണ്ടതുണ്ടെന്ന് പറഞ്ഞത്. എന്നാൽ അപ്പറഞ്ഞതിന്റെ ആശയപരമായ സ്പിരിറ്റും അതിന്റെ സന്ദർഭവും തെല്ലും പരിഗണിക്കാതെയാണ് ഇന്നും ചിലർ ഇക്കാര്യത്തിൽ വാശിപിടിക്കുന്നത്**

### സംഘടിത സകാത്ത്

സകാത്ത് നൽകുക എന്നതല്ല, സകാത്ത് സംഘടിതമായി സംഭരിച്ച് അർഹർക്കിടയിൽ യഥാവിധി വിതരണം ചെയ്യുക എന്നതാണ് തൗഹീദിനോട് നീതി പുലർത്തുന്ന രീതി. ഒന്നാം ഖലീഫ അബൂബക്ർ(റ) സകാത്ത് നിഷേധികളോടു യുദ്ധം ചെയ്തതായി നാം സാധാരണ പറയാറുണ്ട്. എന്നാൽ അബൂബക്റി(റ)ന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ സകാത്ത് 'ബൈത്തുൽ മാലി'ൽ അടക്കാൻ വിസമ്മതിച്ചതായിരുന്നു മൗലിക കാരണമെന്നു മനസ്സിലാക്കാം. അദ്ദേഹം പറഞ്ഞു:

'നമസ്കാരത്തിന്നും സകാത്തിന്നുമിടയിൽ വ്യത്യാസം കൽപിക്കുന്നവരോട് ഞാൻ സമരം ചെയ്യുമെന്ന് പ്രതിജ്ഞയെടുക്കുന്നു. സകാത്ത് സമ്പത്തിന്റെ അവകാശമാണ്. പ്രവാചകന് അവർ നൽകിയ വിഹിതത്തിൽ ഒരു ആട്ടിൻകുട്ടിയെയാണ് കുറവ് വരുത്തുന്നതെങ്കിൽ അതിന്റെ പേരിൽ ഞാനവരോട് പടവെട്ടും (ആട്ടിൻകുട്ടിക്ക് 'ഒട്ടകത്തിന്റെകയർ' പോലുള്ള പാഠഭേദങ്ങളുണ്ട്). ഇതേപറ്റി ഹാഫിദ് ഇബ്നുഹജർ എഴുതുന്നു: 'സകാത്ത് വാങ്ങേണ്ടതും വിതരണം ചെയ്യേണ്ടതും ഭരണാധികാരിയായിരിക്കണമെന്ന് ഇത് തെളിയിക്കുന്നു. ഒന്നുകിൽ സ്വന്തം നിലക്കോ അല്ലെങ്കിൽ പ്രതിനിധി മുഖേനയോ. ആരെങ്കിലും വിസമ്മതിച്ചാൽ അവരിൽനിന്ന് ബലം പ്രയോഗിച്ച് പിടിച്ചു വാങ്ങാവുന്നതാണ്'(*ഫത്ഹുൽ ബാരി*, വാ: 3 പേ: 23). സകാത്ത് വിതരണം സമ്പന്നന്റെ മനോഗതത്തിന് വിട്ടുകൊടുത്തിട്ടില്ലെന്നർഥം.

'സകാത്ത് ദരിദ്രർക്കും അഗതികൾക്കും അതിന്റെ ഉദ്യോഗസ്ഥർക്കും മനസ്സിണക്കപ്പെടേണ്ടവർക്കും അടിമമോചനത്തിനും കടബാധിതർക്കും ദൈവമാർഗത്തിൽ വിനിയോഗിക്കാനും വഴിപോക്കർക്കും മാത്രമുള്ളതാണ്. അല്ലാഹുവിൽനിന്നുള്ള നിർബന്ധ കൽപനയാണിത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു'(*അത്തൗബ*: 60).

ഈ ഖുർആൻ സൂക്തത്തിൽ എണ്ണിയ 'സകാത്ത് ഉദ്യോഗസ്ഥൻ' എന്ന പ്രയോഗം ഏറെ പ്രസക്തമാണ്. രാഷ്ട്രത്തിന്റെ

കീഴിൽ നടക്കേണ്ടുന്ന ഒരു വലിയ വകുപ്പും സംവിധാനവുമായിട്ടാണ് ഇസ്‌ലാം സകാത്തിനെ കാണുന്നതെന്നർഥം. സകാത്ത് സംഭരണവും വിതരണവുമായിരിക്കും അവരുടെ ചുമതല. സകാത്ത് ദായകരുടെയും അവരുടെ സമ്പത്തിന്റെയും കണക്കെടുപ്പ്, ഓരോരുത്തരുടെയും സകാത്തിന്റെ തോതു നിർണയം, സകാത്ത് മുതലുകളുടെ നിരീക്ഷണവും അതത് സമയങ്ങളിൽ അവ സംഭരിക്കലും, സകാത്തിന്റെ സൂക്ഷിപ്പ്, ഇതിനായി ആവശ്യാനുസൃതം പ്രാദേശിക ശാഖകളും കേന്ദ്രങ്ങളും സ്ഥാപിക്കൽ തുടങ്ങി സകാത്ത് ശേഖരണവും വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളത്രയും നിർവഹിക്കേണ്ടത് ഇത്തരം ഉദ്യോഗസ്ഥർ ചേർന്ന ഒരു വകുപ്പായിരിക്കണം. ഇതെല്ലാം കൃത്യമായും കണിശമായും നിർവഹിക്കപ്പെടണമെങ്കിൽ വിപുലമായ സംവിധാനം തന്നെവേണം. അതുകൊണ്ടത്രെ സകാത്തിന്റെ ഒരു വിഹിതം തന്നെ ഈ ആവശ്യങ്ങൾക്ക് നീക്കിവെക്കാൻ കൽപിച്ചത്.

ഇസ്‌ലാമിക സൗധത്തിന്റെ തന്നെ നിലനിൽപ് ഭരണാധികാരവുമായി -ഖിലാഫത്ത്- ബന്ധപ്പെട്ടതാണെന്ന് സുവിദിതമാണ്. ജുമുഅഃ ജമാഅത് നമസ്കാരങ്ങൾ, നോമ്പിന്റെയും പെരുന്നാളുകളുടെയും സമയനിർണയം, പള്ളി-മദ്റസ നിർമാണം, വിവാഹം, വിവാഹമോചനം, അനന്തരാവകാശ നിർണയം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ യഥാർഥത്തിൽ മേൽനോട്ടം വഹിച്ച് നിർവഹിക്കേണ്ടത് ഭരണാധികാരികളാണ്. എന്നാൽ സമുദായത്തിൽ എക്കാലത്തും 'തജ്ദീദി' സംരംഭങ്ങൾ വിവിധ രൂപേണ നടക്കുന്നതിനാൽ ഇവയ്ക്കെല്ലാം അതതു കാലങ്ങളിൽ ബദൽ സംവിധാനങ്ങൾ ഉണ്ടാവുന്നു. പക്ഷേ, സകാത്ത് സംഭരണ-വിതരണം മാത്രം ഇതിൽനിന്ന് എന്തുകൊണ്ട് ഒഴിവായിപ്പോയി എന്നു ചോദിച്ചാൽ അത് 'സ്വന്തം തടിക്ക് പറ്റുന്നതിനാലാണ്' എന്നതത്രെ ഉത്തരം.

സകാത്തിന്റെ വ്യക്തിഗത വിതരണത്തിൽ പിടിവാശികാണിക്കുന്ന ചിലരുണ്ട്.അവർ പക്ഷേ, വിഷയത്തെ ആഴത്തിൽ കാണാത്തതാണ് കുഴപ്പം. അതായത് ഇസ്‌ലാമിക രാഷ്ട്രം ഏതോ നിലക്ക് ഇല്ലാതായ ചില വേളകളിൽ ഒരു 'താൽക്കാലിക സംവിധാന'മായാണ് ചില പണ്ഡിതർ സകാത്തിന്റെ വ്യക്തിഗത വിതരണമെങ്കിലും നടക്കേണ്ടതുണ്ടെന്ന് പറഞ്ഞത്. എന്നാൽ അപ്പറഞ്ഞതിന്റെ ആശയപരമായ സ്പിരിറ്റും അതിന്റെ സന്ദർഭവും തെല്ലും പരിഗണിക്കാതെയാണ് ഇന്നും ചിലർ ഇക്കാര്യത്തിൽ വാശിപിടിക്കുന്നത്. ഇത് അകക്കാമ്പു കളഞ്ഞ് തൊലിതിന്നുന്ന ഏർപ്പാടാണ്. വിശിഷ്യാ കൂട്ടായ തജ്ദീദി സംരംഭങ്ങൾ ദീൻ നമ്മോടാവശ്യപ്പെടുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ടു തന്നെ നിസ്സാര ഫിഖ്ഹീ തർക്കങ്ങളിൽ അഭിരമിച്ച് ഇസ്‌ലാമിന്റെ ആത്മാവായ ഒരു സംവിധാനത്തെ തമസ്കരിക്കാവതല്ല. ഗുരുതരമായ ഒരു പാപമായിത്തീരും അതെന്നുകൂടി മനസ്സിലാക്കുക. 'സകാത്ത് നൽകുമ്പോൾ അവരെ ഐശ്വര്യവാന്മാരാക്കുക' എന്ന ഇസ്‌ലാമിക തത്വത്തിന്റെ കടയ്ക്കൽ വീഴുന്ന കത്തി കൂടിയാണ് വ്യക്തിഗത വിതരണം. തന്റെ സ്വന്തക്കാരിൽ താനിഛിക്കുന്ന രീതിയിൽ തുഛമായി വീതിച്ചു നൽകാൻ പാകത്തിലുള്ള ഒന്നല്ല ഇസ്‌ലാമിലെ സകാത്ത്. 'പ്രവാചകരേ, അവരിൽനിന്ന് സമ്പത്ത് വസൂൽ ചെയ്യുക'(*അത്തൗബ*: 103) എന്നാണ് ഖുർആൻ ആവശ്യപ്പെട്ടത്. ഇവിടെ പ്രയോഗിച്ച 'ഖുദ്' എന്നവാക്ക് വെറും വാങ്ങലോ വസൂൽ ചെയ്യലോ പോലുമല്ല. ആവശ്യം വന്നാൽ പിടിച്ചെടുക്കൽ തന്നെയാണ്. മാത്രമല്ല ഇങ്ങനെ കൊടുക്കുന്നത് സമ്പന്നന്റെ ഔദാര്യമല്ലെന്നും പ്രത്യുത പാവപ്പെട്ടവന്റെ അവകാശം(ഹഖ്) ആണെന്നുംകൂടി ഖുർആൻ പറയുമ്പോൾ സംഗതി വ്യക്തമാവുന്നു. 'അവരുടെ ധനത്തിൽ ചോദിക്കുവന്നവർക്കും അടിസ്ഥാനാവശ്യങ്ങൾ നിഷേധിക്കപ്പെട്ടവർക്കും അവകാശമുണ്ട്' (*അദ്ദാരിയാത്ത്*: 19).

സംഘടിത സകാത്തിന് എതിരായി ചിലർ പ്രയോഗിക്കുന്ന മറ്റൊരു തന്ത്രമത്രെ അടുത്തബന്ധുക്കൾ. മൗലികമായി മനസ്സിലാക്കേണ്ടുന്ന കാര്യം സകാത്തിന്റെ അവകാശികളിൽ 'ബന്ധുക്കൾ' എന്നൊരു വിഭാഗം ഇല്ല എന്നതാണ്. പിന്നെയുള്ളത് ഖുർആൻ സകാത്തിന്റെ അവകാശികളായി എണ്ണിയ ഫഖീർ, മിസ്കീൻ എന്നീ വകുപ്പുകളിൽ വരുന്ന ബന്ധുക്കളാണ്. ആ ബന്ധുക്കളെ പരമാവധി സഹായിക്കാൻ സ്വമേധയാ നമ്മൾ ബാധ്യസ്ഥരാണ്. അതിന് വർഷത്തിൽ ഒരിക്കൽ കൊടുക്കേണ്ടുന്ന സകാത്ത് കാത്തിരിക്കണമെന്നു പറയുന്നതിന് പ്രമാണങ്ങളുടെ പിൻബലമില്ല. മനുഷ്യാത്മാവിനെ ശുദ്ധീകരിക്കുന്നതോടൊപ്പം സാമൂഹിക സുരക്ഷാപദ്ധതികൂടിയാണ് ഇസ്‌ലാമിലെ സകാത്ത്. നമ്മുടെ വാർഷിക വരുമാനത്തിന്റെ തുഛമായ ഭാഗം (2½,5,10 ശതമാനം) മാത്രമാണ് നാം അതിനു നൽകേണ്ടതുള്ളൂ. അതുകൊണ്ടുതന്നെ കുടുംബസംരക്ഷണം കൂടി ഈ ഇനത്തിൽ പെടുത്തുന്നത് ശരിയല്ല. പാവപ്പെട്ടവന്റെ 'ഹഖ്' ഹനിക്കാനേ ആ മനോഗതി ഉതകുകയുള്ളൂ.

ചുരുക്കത്തിൽ, ദരിദ്രജനങ്ങളുടെ 'അവകാശം' എന്ന നിലയിൽ സകാത്ത് തുക പൂർണ്ണമായും ഉത്തരവാദപ്പെട്ട സകാത്ത് കമ്മിറ്റികളെ ഏൽപ്പിക്കുന്നതാണ് അഭികാമ്യമായ രീതി. നബി(സ)യുടെ കാലത്ത് പരോക്ഷധനത്തിന്റെ സകാത് ബൈതുൽ മാലിലേക്ക് കൊടുക്കാൻ ആവശ്യപ്പെട്ടിരുന്നില്ലായെന്ന് പറയുന്നതിലെ പ്രമാണത്തിനും അത്രശക്തി പോര. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ ഭാര്യ നബി(സ)യോടുന്നയിച്ച ചോദ്യമാണ് ഇതിൽ പ്രധാനപ്പെട്ട ഒന്ന്. പക്ഷേ, അതിനവർ ഉപയോഗിച്ച പദം, 'സ്വദഖ' എന്നായതിനാൽ അത് ഐഛികദാനമായിരുന്നുവെന്ന് കരുതാനാണ് കൂടുതൽ ന്യായം. ഇനി ഇവ്വിഷയകമായി പരമാവധി പോയാൽതന്നെ സകാത്ത് ഉദ്യോഗസ്ഥന്മാർ അക്കാലത്ത് കുടുംബങ്ങളിൽ കയറി 'റെയ്ഡ്' നടത്തിയിരുന്നില്ലായെന്നേ മനസ്സിലാക്കേണ്ടതുള്ളൂ. വിശുദ്ധ ഖുർആന്റെ ആജ്ഞകൾ ആവശ്യാനുസരണം ഇറക്കുന്ന ഒരു പശ്ചാത്തലത്തിൽ നബി(സ)ക്ക് അതിന്റെയൊന്നും ആവശ്യം നേരിടുന്ന പ്രശ്നവുമില്ല. (അബൂബക്റിന്റെ കാലത്തുതന്നെ ഇതിൽ മാറ്റം വന്നു തുടങ്ങിയതു നാം കണ്ടു) അഥവാ അക്കാലത്ത് പ്രത്യക്ഷവും പരോക്ഷവുമായ ധനത്തിന്റെ (അംവാൽ) മുഴുവൻ സകാത്തും 'സക്കാതു ഫണ്ടി'ലേക്ക് അടക്കുന്നതായിരുന്നു മുഖ്യധാരാ രീതി. തീർച്ചയായും തൗഹീദീസംസ്ഥാപനത്തിനുവേണ്ടി പണിയെടുക്കുന്നവർക്ക് ഏറ്റവും അനുയോജ്യവും ആ രീതി തന്നെ. ■